**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2116 — 05.05.2017 ന് മറുപടിയ്ക്ക്.

**ആനകൊമ്പ് മ്യൂസിയം ആരംഭിയ്ക്കുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ ഫോറസ്റ്റ് സ്റ്റേഷനുകളിലും മറ്റുമായി എത്ര കിലോ ആന കൊമ്പ് സൂക്ഷിക്കുന്നുണ്ട്; | (എ) വനം വകുപ്പ് ആസ്ഥാനത്തുള്ള സ്ട്രോങ് റൂമിലും ജില്ലാ ട്രഷറികളിലുമായി ഏകദേശം 9 ടൺ ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട്. |
| (ബി) ഇത് ഉപയോഗിച്ച് ആനകമ്പക്കാരുടെ എണ്ണം ഏറെ കൂടുതലുള്ള തൃശ്ശൂർ കേന്ദ്രീകരിച്ച് ആനകൊമ്പ് മ്യൂസിയം ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി) പ്രത്യേക നിക്ഷേപ പദ്ധതിയായ KIIFB-യിൽ ഉൾപ്പെടുത്തി തിരുവനന്തപുരം കോട്ടൂരിൽ 105 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആന പുനരധിവാസ കേന്ദ്രം വികസിപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു ആന മ്യൂസിയവും വിഭാവനം ചെയ്തിട്ടുണ്ട്. ആയതിനാൽ തൃശ്ശൂർ ആസ്ഥാനമാക്കി ആനക്കൊമ്പ് മ്യൂസിയം ആരംഭിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.